# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6429**     **21.11.2019 ൽ മറുപടിക്ക്**

## ചീഫ് എൻജിനീയർ (റോഡ്സ്)-ന് ലഭിച്ച കത്തിലെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പ് റോഡ് ഡിവിഷൻ കോട്ടയം ഓഫീസിൽ നിന്ന് റോഡ്സ് ചീഫ് എൻജിനീയർക്ക് അയച്ച 08.03.2019 തീയതിയിലെ DB21(2)-10984/17 നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത കത്തിന്മേൽ പി.ഡബ്ല്യു.ഡി. എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | (എ) (ബി) & (സി) | കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ചുതന്ന 08.03.2019 - ലെ DB21(2)-10984/17 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. മേൽ കത്തിന്റെ ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഇൻവേഡ് നമ്പറാണ് 3731/2019/CE തീയതി 18.03.2019. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 13.07.2018-ലെ 289/ഡിസി3/2018/തസ്വഭവ നമ്പർ കത്തിന് മറുപടിയായിട്ടാണ് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത കത്ത് അയച്ചു തന്നിട്ടുള്ളത്. ഈ മറുപടി 15.11.2019 ലെ സി.ഇ/റോഡ്സ്/ 2017/10984/കെ.റ്റി.എം/പ്രൈസ് നമ്പർ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. |
| (ബി) 18.03.2019-ൽ 3731/2019/CE റോഡ്സ് &ബ്രിഡ്ജസ്) എന്ന നമ്പരിൽ ഇൻവേഡ് (റോഡ്സ്) വിഭാഗത്തിന് ലഭിച്ച തപാൽ പ്രകാരമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | | |
| (സി) പ്രസ്തുത ഫയൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പരും ഫയലിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | | |

Hemalatha

**സെക്ഷൻ ഓഫീസർ**